**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

എം.എച്ച്.ആർ.എം. കോഴ്സിന്റെ മാപ്പിംഗുമായി ബന്ധപ്പെട്ട് നാല് ഇലക്റ്റിവുകൾക്ക് - കോഴ്സ് കോഡ് നൽകുന്നതും അതിനനുസൃതമായി കോഴ്സിന്റെ സ്കീമിൽ ഭേദഗതി വരുത്തുന്നതും -ഡീൻ , ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ് & വിദഗ്ദ്ധ സമിതി ചെയർമാൻ, എം.എച്ച്. ആർ.എം കോഴ്സ് -ന്റെ ശുപാർശകൾ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്:

---

ACAD

നമ്പർ. 842/AC A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.02.2020

---

*പരാമർശം:*-17/01/2020 തിയതിയായി പ്രൊഫ .ഡോ.സന്തോഷ് പി.തമ്പി, ഡീൻ , ഫാക്കൽറ്റി ഓഫ് മാനേജ്മന്റ് സയൻസസ് & വിദഗ്ധ സമിതി ചെയർമാൻ , എം.എച്ച്.ആർ.എം കോഴ്സ് അയച്ച ഇ-മെയിൽ സന്ദേശം

**<u>ഉത്തരവ്</u>**

സർവകലാശാല നടത്തിവരുന്ന എം.എച്ച്.ആർ.എം. കോഴ്സിന്റെ നിലവിലെ സ്കീം പ്രകാരം നാലാം സെമെസ്റ്ററിൽ എട്ട് ഇലക്റ്റീവ് വിഷയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന നാല് ഇലക്റ്റിവുകൾ വിദ്യാർഥികൾ പഠിക്കേണ്ടതുണ്ട് . എന്നാൽ കോഴ്സിന്റെ സ്കീമിൽ നാല് ഇലക്റ്റീവ് വിഷയങ്ങൾക്ക് മാത്രമേ കോഴ്സ് കോഡ്നൽകിയിരുന്നുള്ളൂ. ഇത്, ടി കോഴ്സ്പുതിയ സോഫ്റ്റ് വെയറിലേക്കു മാപ്പിംഗ് നടത്തിയപ്പോൾ പ്രായോഗികതടസ്സങ്ങൾക്ക് കാരണമാവുകയും ആയതിനാൽ വിഷയം എം.എച്ച്.ആർ.എം. കോഴ്സിന്റെ വിദഗ്ധ സമിതി ചെയർമാനും ഫാക്കൽറ്റി ഡീനുമായ ഡോ.സന്തോഷ് പി തമ്പി യുടെ ശ്രദ്ധയിൽപ്പെടുത്തുകയും അഭിപ്രായങ്ങൾ തേടുകയും ചെയ്തിരുന്നു.

ഇനിയും കോഴ്സ് കോഡ് നൽകുവാനുള്ള അഞ്ചു മുതൽ എട്ടു വരെയുള്ള ഇലക്റ്റീവ് വിഷയങ്ങൾക്ക് യഥാക്രമം EC 05, EC 06, EC 07, EC 08 എന്ന രീതിയിൽ കോഴ്സ് കോഡ് നൽകുവാനും ആയത് ടി കോഴ്സിന്റെ നിലവിലെ സ്കീം & സിലബസിൽ ഉൾപ്പെടുത്തുവാനും പരാമർശം പ്രകാരം വിദഗ്ധസമിതി ചെയർമാൻ ശുപാർശ ചെയ്യുകയുണ്ടായി. ടി ശുപാർശ ബഹു.വൈസ് ചാൻസിലറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും പ്രസ്തുത വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് ബഹു.വൈസ് ചാൻസിലർ , ആയത് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3, 10 (17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 04/02/2020 ൽ അംഗീകരിക്കുകയും ചെയ്തു.

Draft #1 of File AcAIV/3/Course Mapping-MHRM/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 12-Feb-2020 03:18 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം എം.എച്ച്.ആർ.എം കോഴ്സിന്റെ നിലവിലെ സ്കീം & സിലബസിൽ (2018) മേൽ വിശദീകരിച്ചിരിക്കും വിധം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

പകർപ്പ്

1 വൈസ് ചാൻസിലറുടെ/പ്രോവൈസ് ചാൻസിലറുടെ പി.എസ് മാർ

2 രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എമാർ

3 ഡീൻ,ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസ് & വിദഗ്ധ സമിതി ചെയർമാൻ ,എം എച് ആർ എം കോഴ്സ്

4 ജെ.ആർ/ഡി.ആർ/എ.ആർ(അക്കാഡമിക്/പരീക്ഷ )

5 ഇ.ഐ III സെക്ഷൻ

6 കണ്ടെന്റ് മാനേജ്മെന്റ്/റെക്കോർഡ് സെക്ഷൻ

7 ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcAIV/3/Course Mapping-MHRM/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 12-Feb-2020 03:18 PM - Page 2